പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ഗ്രാമീണറോഡ് സംരക്ഷണം വനിതാ സ്വാശ്രയസംഘങ്ങളെ ഏൽപ്പിക്കൽ

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 272 — 21-08-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.ബി.ഗണേഷ് കുമാർ**<br>**ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ. സി.കെ.നാണു**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമീണറോഡ് സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവ വനിതാ സ്വാശ്രയ സംഘങ്ങളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച കേന്ദ്രസർക്കാർ നിർദ്ദേശം ഏത് രീതിയിലാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഈ വിഷയത്തിൽ എപ്രകാരമാണ് പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ താൽപര്യപ്പെടുന്നതെന്നും വ്യക്തമാക്കാമോ; | (എ) | ഈ വിഷയം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. എന്നാൽ ഉത്തരാഖണ്ഡ് സംസ്ഥാനത്ത് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ മേൽനോട്ടത്തിൽ PMGSY റോഡുകളുടെ പാർശ്വഭാഗങ്ങളിലെ അറ്റകുറ്റ പണികൾ വനിതാ സ്വാശ്രയ സംഘങ്ങളെ ഏൽപ്പിച്ചിട്ടുള്ളതുപോലെ കേരളത്തിലും ആ രീതി അവലംബിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. |
| (ബി) | ഇതു സംബന്ധിച്ച് പത്തൊൻപത് സംസ്ഥാനങ്ങൾ പ്രത്യേക നയം രൂപീകരിച്ചതായ വാർത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | ഇല്ല. എന്നാൽ കേരളത്തിൽ ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച് പ്രത്യേക നയം രൂപീകരിച്ച് 28/12/2016-ലെ ജി.ഒ.(എം.എസ്) 197/2016/ത.സ്വ.ഭ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ